LIBRARY ARCHIVES Kerala Legislative Assembly

ചേലക്കര മണ്ഡലത്തിലെ റോഡുകൾ

266(3152) ശ്രീ. കെ. രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചേലക്കര മണ്ഡലത്തിൽ 2014-15 വർഷത്തെ ബഡ്ജറ്റിൽ ഉൾപ്പെടുത്തി പുനരുദ്ധാരണ പ്രവൃത്തികൾ നടത്തിയ റോഡുകളുടെ വിശദാംശങ്ങളും അതിനു വേണ്ടി വിനിയോഗിച്ച തുക ഉൾപ്പടെയുള്ള വിവരങ്ങൾ ലഭ്യമാക്കാമോ;

(ബി) 2015-16 വർഷത്തെ ബഡ്ജറ്റിൽ ഉൾപ്പെടുത്തി പുനഃരുദ്ധാരണ പ്രവൃത്തികൾ നടത്തേണ്ട റോഡുകളുടെ എസ്റ്റിമേറ്റ് ഭരണാനുമതിക്കായി സർക്കാരിനു മുന്നിൽ സമർപ്പിക്കപ്പെട്ടിട്ടുണ്ടോ; എങ്കിൽ അവയുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(സി) കഴിഞ്ഞ പ്രകൃതിക്ഷോഭത്തിൽ തകർന്ന് ഗതാഗത യോഗ്യമല്ലാതായി കിടക്കുന്ന പ്രസ്തുത റോഡുകളുടെ പുനരുദ്ധാരണത്തിന് ഭരണാനുമതി നൽകുവാൻ നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) ചേലക്കര മണ്ഡലത്തിൽ 2014-15 വർഷത്തെ ബഡ്ജറ്റിൽ ഉൾപ്പെടുത്തി പുനരുദ്ധാരണ പ്രവൃത്തികളൊന്നും നടത്തിയിട്ടില്ല.

(ബി&സി) 1. പഴയന്നൂർ ഏളനാട് റോഡ് - 2 കോടി

2. ചെറുതുരുത്തി-കിള്ളിമംഗലം റോഡ് - 1 കോടി

3. മണലാടി-പാഞ്ഞാൾ-വെട്ടിക്കൊട്ടിരി റോഡ് - 1 കോടി

4. ചിറ്റണ്ട-തലശ്ശേരി റോഡ്-1 കോടി എന്നീ പ്രവൃത്തികളുടെ എസ്റ്റിമേറ്റ് ഭരണാനുമതിക്കായി സർക്കാരിൽ ലഭിച്ചിട്ടുണ്ട്. ഭരണാനുമതി നൽകുന്നകാര്യം സർക്കാർ പരിശോധിച്ചു വരുന്നു.

വൺടൈം മെയിന്റനൻസ്

267(3153) ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ) : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൺടൈം മെയിന്റനൻസ് പ്രകാരം ഏതൊക്കെ മണ്ഡലങ്ങളിലാണ് പി.ഡബ്ല്യു.ഡി. വകുപ്പ് മുഖേന തുക അനുവദിച്ചിട്ടുള്ളതെന്നും എത്ര കോടി രൂപയാണ് ഇതിനായി അനുവദിച്ചതെന്നും മണ്ഡലം തിരിച്ച് വ്യക്തമാക്കുമോ;